# പതിമൂന്നാം കേരള നിയമസഭ

# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 912

10/02/2016 -ൽ മറുപടിക്ക്

## സംസ്ഥാനത്തെ ദേശീയ ജലപാത

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ. കെ. ബാലൻ | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ദേശീയ ജലപാതയ്ക്ക് ആകെ എത്ര കിലോമീറ്റർ ദൂരമുണ്ട്; ദേശീയ ജലപാത പൂർത്തീകരിക്കുന്നതിന് ഉദ്ദേശം എത്ര കോടി രൂപയുടെ ചെലവ് എസ്റ്റിമേറ്റ് ചെയ്യുന്നുണ്ട്; തിരുവനന്തപുരം മുതൽ കാസർകോട് വരെ ജലപാത സഞ്ചാരയോഗ്യമാക്കാൻ എന്നത്തേക്ക് സാധ്യമാകും; | (എ) സംസ്ഥാനത്തെ ദേശീയ ജലപാതയ്ക്ക് (കൊല്ലം-കോട്ടപ്പുറം) ചമ്പക്കര, ഉദ്യോഗമണ്ഡൽ എന്നീ ഉപകനാലുകൾ സഹിതം 205 കി.മീ നീളമുണ്ട്. പ്രസ്തുത പാതയുടെ നിർവ്വഹണ ചുമതല കേന്ദ്ര സർക്കാർ സ്ഥാപനമായ 'ഇൻലാന്റ് വാട്ടർവെയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ' (IWAI) ആണ് നിർവ്വഹിക്കുന്നത്. ആയതിന്റെ നിർമ്മാണചെലവ് പൂർണ്ണമായും കേന്ദ്രസർക്കാരാണ് വഹിക്കുന്നത്. 31-03-2015 വരെ കേന്ദ്ര സർക്കാർ ഈ പദ്ധതിയ്ക്കായി ആകെ 220 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. ഈ പദ്ധതിയ്ക്കായി സംസ്ഥാന സർക്കാർ ഊന്നി/ ചീനവലകൾ നീക്കം ചെയ്യുന്നതിനുള്ള നഷ്ട പരിഹാരമായി ഇതുവരെ 12.475 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. ഈ വകയിൽ ഇനി 5.5 കോടി രൂപ കൂടി ആവശ്യമായി വരും. കൂടാതെ 74 വലകൾ നീക്കം ചെയ്യുന്നതിനുള്ള സ്പെഷ്യൽ പാക്കേജായി 28.8 ലക്ഷം രൂപയും നീക്കി വെച്ചിട്ടുണ്ട്.<br>തിരുവനന്തതപുരം മുതൽ കാസർകോട് വരെയുള്ള ജലപാതയുടെ (കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാത ഒഴികെ) വിവിധ ഭാഗങ്ങളിൽ സംസ്ഥാന ജലപാത മാനദണ്ഡമനുസരിച്ചുള്ള വികസന പ്രവർത്തനങ്ങൾ നടന്നു വരുന്നു. പൂർത്തിയാകുന്ന മുറയ്ക്ക് സഞ്ചാരയോഗ്യമാക്കുവാൻ കഴിയും. |
| (ബി) ഇപ്പോൾ സർക്കാർ ഭരണാനുമതി നൽകിയതും വർഷങ്ങളായി സഞ്ചാരയോഗ്യമായതുമായ ഭാഗം മൊത്തം ജലപാതയുടെ എത്ര ശതമാനം വരും; അവശേഷിക്കുന്ന | (ബി) വർഷങ്ങളായി സഞ്ചാരയോഗ്യമായ ഭാഗം മൊത്തം ജലപാതയുടെ 65% വരും. (168 കി.മീ ദേശീയ ജലപാതയും 322 കി.മീ സംസ്ഥാന ജലപാതയും ഉൾപ്പെടെയുള്ള 590 കി.മീ നീളത്തിൽ |

ഭാഗംകൂടി സഞ്ചാരയോഗ്യമാക്കാൻ ആവശ്യമായ തുക ഏത് നിലയിൽ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്; നിർദ്ദിഷ്ട ജലപാതയുടെ വീതി എത്രയാണ്;

388 കി.മീ ദൂരം). അവശേഷിക്കുന്ന സംസ്ഥാന ജലപാതയുടെ ഭാഗം സഞ്ചാര യോഗ്യമാക്കാൻ സംസ്ഥാന ഫണ്ട്, നബാർഡ്, ധനകാര്യ കമ്മീഷൻ എന്നീ സ്രോതസ്സുകൾ ഉപയോഗിച്ചുവരുന്നു. സംസ്ഥാന ജലപാതയുടെ വീതി താഴെപ്പറയുന്നു.

| | | |
|---|---|---|
| സംസ്ഥാന ജലപാത മാനദണ്ഡ പ്രകാരം | താഴ്ഭാഗം | - 14 മീറ്റർ |
| | മേൽ ഭാഗം | - 32 മീറ്റർ |

(സി) ഈ സർക്കാരിന്റെ കാലത്ത് നിർമ്മാണം ആരംഭിച്ചതും അവശേഷിക്കുന്ന കാലയളവിൽ പൂർത്തിയാക്കുന്നതുമായ ജലപാത എത്ര കിലോമീറ്ററാണ്; എന്ത് തുക ഇതിനായി ചെലവഴിച്ചു ? വിശദമാക്കാമോ;

(സി) 1) 590 കി.മീ നീളമുള്ള പടിഞ്ഞാറൻ തീരദേശ പാതയിലുൾപ്പെടുന്ന 17.61 കി.മീ നീളം വരുന്ന വടകര മാഹി കനാലിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചത് ഈ സർക്കാരിന്റെ കാലത്താണ്. സംസ്ഥാന ഫണ്ട് പതിമൂന്നാം ധനകാര്യ കമ്മീഷൻ, നബാർഡ് എന്നിവയിലുൾപ്പെടുത്തി ഏകദേശം 7.3 കി.മീ. നീളം പൂർത്തീകരിച്ചു. ഇതിനായി 41 കോടി രൂപ ഇതുവരെ ചെലവായി.

2) താനൂർ-കൂട്ടായി കനാൽ

13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി താനൂർ-കൂട്ടായി കനാലിന്റെ 1.32 കി.മീ ഭാഗത്ത് 1.44 കോടി രൂപയുടെ നവീകരണ പദ്ധതി പൂർത്തീകരിച്ചു.

3) കന്നേറ്റി കായൽ (ദേശീയ പാതയിലേയ്ക്കുള്ള ഉപകനാൽ)

13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി ദേശീയ ജലപാത നമ്പർ III-ന്റെ ഉപകനാലായ കന്നേറ്റി കായലിന്റെ നവീകരണ പദ്ധതി രണ്ട് കോടി രൂപ അടങ്കലിൽ ഏറ്റെടുത്ത് പണി പൂർത്തീകരിച്ചു.

സെക്ഷൻ ഓഫീസർ